പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3481

19.10.2016 -ലെ മറുപടിയ്ക്ക്

## അപ്നാ ഘർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എം.വിൻസെന്റ്<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി 'അപ് നാ ഘർ ' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ; | (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്ന ഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ കിൻഫ്ര പാർക്കിലാണ് ഇതിന്റെ ആദ്യ സ്കീമായ ഹോസ്റ്റലിന്റെ പണി നടന്നു വരുന്നത്. പാലക്കാട് ജില്ലയിലും പരിസരത്തും ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഡിസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണിത്. ഈ സ്കീമിന്റെ നിർമ്മാണം തൃശ്ശൂർ ഹെഡ് ഓഫീസിലുള്ള സർക്കാർ അംഗീകാരമുള്ള കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനമാണ് നടത്തി വരുന്നത്. 2016 ഡിസംബർ 31 നകം പണി പൂർത്തിയായി ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കാൻ കഴിയുന്നതുമാണ് അപ്ന ഘർ പദ്ധതി പാലക്കാട് സ്കീം. മൊത്തം 64 റൂമിൽ 768 പേർക്കുള്ളതാമസ സൗകര്യമാണ് ഒരുക്കുന്നത്. കൂടാതെ കെട്ടിടത്തിൽ 4 നിലയിലുമായി മൊത്തം 32 അടുക്കള, 96 ടോയ് ലറ്റ് 8 ഊണ് മുറി, എന്നവയും പ്രത്യേകം യൂറിനൽസും വിശാലമായി കുളിക്കാനുള്ള സൗകര്യവും ബാത്ത് ഷവറും, വസ്ത്രം അലക്കുന്നതിനും ഉണക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. വിശ്രമിക്കാനായി ഇരിക്കാനുള്ള ഇരിപ്പിടവും ഓരോ ഫ്ലോറിലും നൽകിയിട്ടുണ്ട്. കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിനും |

സംരക്ഷിക്കുന്നതിനുമായി പ്രത്യേക ഏജൻസിയെ ഏർപ്പെടുത്തും. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് (മാസം/ആഴ്ച) നൽകുന്ന ഡിസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണ് തയ്യാറാക്കുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, ജില്ലകളിലും ഇതര സംസ്ഥാന തൊഴിലാളികൾക്ക് അപ്ന ഘർ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു വരുന്നു.

| | |
|---|---|
| (ബി) ഈ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി& (സി) ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ